I ഇ.ബി. XV- കേരള നിയമസഭ/XI-15

**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂലൈ 5, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

60(*421) ശബരി റെയിൽപ്പാത യാഥാർത്ഥ്യമാക്കാൻ നടപടി

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, അങ്കമാലി - എരുമേലി - ശബരി പദ്ധതി പുനരാരംഭിക്കണമെന്ന് സംസ്ഥാന സർക്കാർ നിരവധി തവണ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പുതുക്കിയ എസ്റ്റിമേറ്റ് തുകയുടെ 50% ചെലവ് സംസ്ഥാനം വഹിക്കണമെന്ന റെയിൽവേയുടെ ആവശ്യം പരിഗണിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. 1997-98 വർഷത്തെ റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ചതും

പി.എം.ഒ- പ്രോ ആക്ടീവ് ഗവേൺസ് ആൻഡ് ടൈംലി ഇംപ്ലിമെന്റേഷൻ (പ്രഗതി) പട്ടികയിൽ ഉൾപ്പെട്ടതും ചിലവ് പൂർണ്ണമായും റെയിൽവേ വഹിക്കേണ്ടതുമായ ടി പദ്ധതിയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള നിർമ്മാണ പ്രവൃത്തികൾ റെയിൽവേ പൂർത്തിയാക്കിയെങ്കിലും കമ്മീഷൻ ചെയ്തിരുന്നില്ല. പദ്ധതിയുടെ ആവശ്യകത പരിഗണിച്ച് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും റെയിൽവേ ബോർഡ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിഡാർ സർവ്വേ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ.-നും എസ്റ്റിമേറ്റിനും അംഗീകാരം നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്കമാലി-എരുമേലി-ശബരി പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നതെന്നും സംസ്ഥാനത്ത് 14 പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും നിലമ്പൂർ-നഞ്ചംകോട് പാത യാഥാർത്ഥ്യമാകുന്നതോടെ ടൂറിസം/വ്യവസായ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാകുമെന്നും കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കർണ്ണാടക സർക്കാരുമായി ആശയവിനിമയം

നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

61(*422) പക്ഷിപ്പനി പടരാതിരിക്കാൻ നടപടി

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് താറാവുകളിലും കോഴികളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി മറ്റു പക്ഷികളിലേയ്ക്ക് പടരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ടെന്നും രോഗബാധിത ജില്ലകളിൽ നിരീക്ഷണവും പരിശോധനകളും കർശനമാക്കി രോഗബാധ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സർവൈലൻസ് സോണുകളുടെ അകത്തേയ്ക്കോ പുറത്തേയ്ക്കോ പക്ഷികളെ കൊണ്ടുപോകുന്നതും സ്ലോട്ടർ ചെയ്യുന്നതും നിരോധിക്കുകയും കുട്ടനാട്ടിൽ നിലവിലുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ കർശനമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ രോഗബാധ പുതിയ ഇനം വൈറസ് മൂലമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കൂടുതൽ ഗൗരവമായ തുടർപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാനത്ത് മനുഷ്യരിലോ സസ്തനികളിലോ നാളിതുവരെ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടില്ലെന്ന് മാത്രമല്ല നോൺ പൗൾട്രി സ്പീഷിസിൽപ്പെട്ട മൃഗങ്ങൾ, ഇൻലാന്റ് ഇനത്തിൽപ്പെട്ട

പക്ഷികൾ എന്നിവയിൽനിന്നും ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റീവാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി രോഗബാധ സ്ഥിരമായി ഉണ്ടാകുന്ന സാഹചര്യത്തിൽ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD), മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP) പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ് എന്നിവരെ ഉൾപ്പെടുത്തി ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശങ്ങളിൽ നിലവിലുള്ള നടപടികൾക്കുപുറമെ രോഗനിരീക്ഷണം കർശനമാക്കുന്നതിനും സർക്കാർ ഫാമുകളിലെ ബയോ സെക്യൂരിറ്റി സംവിധാനം കൃത്യമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുകയും മാധ്യമങ്ങളിലൂടെ കർഷകർ/പൊതുജനങ്ങൾ എന്നിവർക്കുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പക്ഷിപ്പനി പ്രതിരോധ നിയന്ത്രണ നടപടികളിൽ സ്വകാര്യ സംരംഭകർ/കോൺട്രാക്ട് ഫാർമേഴ്സ് എന്നിവരുടെ പിന്തുണ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി

രോഗനിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലാബുകൾക്ക് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ടെന്നും ആലപ്പുഴ ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തിരുവല്ലയിലെ ലബോറട്ടറിക്കും പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD)-നും പക്ഷിപ്പനി രോഗനിർണ്ണയത്തിന് അംഗീകാരം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് പടരാതിരിക്കാനുള്ള മുൻകരുതലിന്റെ ഭാഗമായാണ് രോധബാധയുള്ള പ്രദേശങ്ങളിലെ പക്ഷികളെ കൂട്ടത്തോടെ കൊന്നൊടുക്കുന്നതെന്നും ഇതുമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ടെന്നും 2023 ഫെബ്രുവരിവരെയുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ടെന്നും 2016 മുതൽ മൃഗസംരക്ഷണ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നാണ് തുക കണ്ടെത്തുന്നതെന്നും ഈയിനത്തിൽ 30 കോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കാനുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

62(*423) കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കൽ

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത്

പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രൈമറി മുതൽ ഹയർസെക്കൻഡറി തലം വരെ കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമായി അംഗീകരിച്ച് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനുമായി നടപ്പിലാക്കുന്ന 'ഹെൽത്തി കിഡ്സ്' പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്ക് 7000 ഹാൻഡ് ബുക്കുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിന് 21 ലക്ഷം രൂപ എസ്.സി.ഇ.ആർ.ടി-ക്ക് കൈമാറുകയും എൽ.പി. ക്ലാസിലേക്കുള്ള വർക്ക് ബുക്ക് തയ്യാറാക്കി വരികയുമാണ്. യു.പി/ഹൈസ്കൂൾ തലങ്ങളിൽ പ്രത്യേക അക്കാദമിക സാമഗ്രികളും 5 മുതൽ 10 വരെ ക്ലാസുകളിൽ ആക്ടിവിറ്റി ബുക്കുകളും വിതരണം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസിനും ടീച്ചർ ടെക്സ്റ്റുകൾ പ്രത്യേകമായി തയ്യാറാക്കി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട ഭാഷകളിൽ പരിഭാഷപ്പെടുത്തി നൽകിയിട്ടുണ്ട്. കായിക വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പൊതുപരീക്ഷാ സർട്ടിഫിക്കറ്റുകൾക്ക് തുല്യമായ പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് SCERT-യെ ചുമതലപ്പെടുത്തുകയും

പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ജി.വി. രാജ സ്പോർട്സ് സ്കൂളിൽ അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ കോർട്ട്, 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ലോംഗ് ജമ്പ് പിറ്റ്, ഹൈജമ്പിനും പോൾവാട്ടിനുമുള്ള സൗകര്യങ്ങൾ, സിന്തറ്റിക് ഹോക്കി ടർഫ് ഇൻഡോർ സ്റ്റേഡിയം, ഇൻഡോർ ബാസ്കറ്റ് ബോൾ കോർട്ട്, ഫിറ്റ്നസ് സെന്റർ, ലാൻസ്കേപിംഗ് തുടങ്ങി 30 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതിനുപുറമെ ഹൈടെക് ക്ലാസ് മുറികളും മികച്ച ലാബ് സൗകര്യങ്ങളും സജ്ജമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ആധുനിക രീതിയിലുള്ള ഹോസ്റ്റലും കളിക്കളങ്ങളും നിർമ്മിക്കാനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി വരികയുമാണ്. കായിക പ്രവർത്തനങ്ങളുടെ പ്രാധാന്യം സംബന്ധിച്ച് രക്ഷിതാക്കളിൽ അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചതോടൊപ്പം വിദ്യാർത്ഥികളുടെ ശാരീരിക/കായിക ക്ഷമത പുരോഗതി വിലയിരുത്താൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും കോളേജ്/സ്കൂൾ തലങ്ങളിൽ ഇ-സ്പോർട്സ് സംവിധാനം വ്യാപകമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ കായിക ഇനങ്ങൾക്കായി 30 ജില്ലാ അക്കാദമികളും 51 കോളേജ് അക്കാദമികളും 22 സ്കൂൾ അക്കാദമികളും

പ്രവർത്തിക്കുന്നുണ്ടെന്നും സ്കൂൾ തലങ്ങളിൽ 3 ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചിട്ടുണ്ടെന്നും 5 ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്ന 'ഗോൾ' പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

63(*424) കർഷക ആത്മഹത്യ തടയാൻ നടപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, കർഷകരുടെ വിവിധ പ്രശ്നങ്ങളിൽ സമയബന്ധിതമായി ഇടപെട്ട് പരിഹാരം കാണുന്നതിനാൽ സംസ്ഥാനത്ത് കാർഷിക പ്രശ്നങ്ങളാൽ കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം നിലവിലില്ലെന്ന് സഭയെ അറിയിച്ചു. സംസ്ഥാന-കേന്ദ്ര പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിച്ചും ഉല്പാദന, വിപണന മേഖലകളിൽ ശാസ്ത്രീയ ഇടപെടലുകൾ നടത്തിയും കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനോടൊപ്പം കർഷക ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നുണ്ട്. വിളയിടാധിഷ്ഠിത കൃഷിരീതി അവലംബിച്ചും കൃഷിയിടത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ഫാം പ്ലാനുകൾ രൂപീകരിച്ചും ആവാസ വ്യവസ്ഥക്കനുസൃതമായ വിളകൾ നിശ്ചയിച്ചു നൽകിയും കർഷകരുടെ വരുമാനം ഉയർത്തുന്നതിനുപുറമെ വിവിധ വിളകളുടെ വിസ്തൃതി

വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽ കർഷകർക്ക് പിന്തുണ നൽകുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 57 കോടി രൂപ ചെലവഴിക്കുകയും 82480.88 ഹെക്ടർ പാടശേഖരങ്ങൾക്ക് ഉല്പാദനോപാധികൾക്കുള്ള ധനസഹായം, അത്യുത്പാദന ശേഷിയുള്ള 4748 ടൺ നെൽ വിത്ത് എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ സംഭരിച്ച 27.99 ലക്ഷം ടൺ നെല്ലിന്റെ വിലയിനത്തിൽ 7273.95 കോടി രൂപ നൽകുകയും 2023-24 വർഷം 50 കേര ഗ്രാമങ്ങൾ നടപ്പിലാക്കുകയും വിവിധ ഘടക പദ്ധതികൾക്കായി 39.74 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, ഓപ്പൺ പ്രിസിഷൻ ഫാമിംഗ്, മഴമറക്കൃഷി തുടങ്ങിയവയിലൂടെ 2023-24 വർഷം 59.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വന്യമൃഗാക്രമണങ്ങളിൽനിന്നും വിളകളെ സംരക്ഷിക്കുന്നതിന് RKVY, സംസ്ഥാന പദ്ധതി എന്നിവയിലൂടെ യഥാക്രമം 25 കോടി രൂപയുടെയും 1.88 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കുകയും അസംരക്ഷിത വന പ്രദേശത്ത് ഭൂരേഖകൾ ഇല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം ലഭ്യമാകത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും

പരിഹരിക്കുന്നതിനുമായി കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കൃഷി ദർശൻ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ, വന്യജീവി ആക്രമണം എന്നിവമൂലമുണ്ടാകുന്ന കൃഷിനാശം നേരിടുന്നതിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയും പട്ടയ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ ദീർഘകാല/ഹ്രസ്വകാല വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും പദ്ധതിപ്രകാരം 59375 കർഷകർക്ക് 1378.906334 ലക്ഷം രൂപയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 131888 കർഷകർക്ക് 26171.18056 ലക്ഷം രൂപയും നൽകിയതിനുപുറമെ ഇൻഷ്വറൻസ് പ്രീമിയം സബ്സിഡിയായ 14492.33854 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം 105784 കർഷകർക്ക് 7963.088 ലക്ഷം രൂപ സംസ്ഥാന വിഹിതവും 129320 കർഷകർക്ക് 2949.67267 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകിയിട്ടുണ്ട്. ഉത്പാദനത്തിനിടെ വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2 ഹെക്ടർ വരെ വിസ്തൃതിയുള്ള റബ്ബർ കർഷകരിൽനിന്നും റബ്ബർ ശേഖരിച്ച ഇനത്തിൽ 2054 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വിപണി ഇടപെടലുകൾക്കായി 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില കർഷകർക്ക് നൽകുന്നുണ്ട്. 'കേരളഗ്രോ' എന്ന പൊതു ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. കാർഷികോല്പന്ന സംസ്കരണം, വിപണനം, കയറ്റുമതി എന്നിവയ്ക്കായി കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. വിളവെടുപ്പാനന്തര "പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിലൂടെ സംരംഭകത്വത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കാർഷിക ഉത്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളിൽ കർഷക ഉത്പാദന സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും അവയുടെ രൂപീകരണത്തിനും വികസനത്തിനുമായി കേന്ദ്ര സംസ്ഥാന സഹായ പദ്ധതികൾ സംയോജിപ്പിച്ചു നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം അതിജീവിച്ച് കൃഷിയിൽനിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് 'കേര'

പദ്ധതി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കർഷക സുരക്ഷ ഉറപ്പുവരുത്തുന്നതിന് കർഷകർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും പദ്ധതിക്ക് ആവശ്യമായ തുക സംസ്ഥാന സർക്കാർ വഹിക്കുകയും കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മരണപ്പെട്ട കർഷകൻ 2023-24 വരെയുള്ള നെൽകൃഷി ആനുകൂല്യങ്ങളും സപ്ലൈകോ സംഭരിച്ച 10590 കി.ഗ്രാം നെല്ലിന്റെ വിലയും കൈപ്പറ്റിയിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷൻ 2021-മുതൽ 161916 അപേക്ഷകളിന്മേൽ 74.57 കോടി രൂപ അനുവദിക്കുകയും 10 കോടി രൂപ അനുവദിക്കുന്ന നടപടികൾ പുരോഗതിയിലുമാണ്. റവന്യൂ റിക്കവറി ഭേദഗതി ബിൽ നിയമമാകുന്നതോടുകൂടി വായ്പകൾക്ക് തവണ അനുവദിക്കുക, മൊറട്ടോറിയം പ്രഖ്യാപിക്കുക തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ സാധിക്കുമെന്നും പ്രതിസന്ധികൾക്കിടയിലും ബാങ്കുകൾക്കുള്ള കുടിശ്ശികയും വിളനാശമുണ്ടാകുന്ന കർഷകർക്കുള്ള നഷ്ടപരിഹാരവും നൽകുന്നുണ്ടെന്നും സപ്ലൈകോ നെല്ല് സംഭരിച്ച ഇനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും 1000 കോടിയിലധികം രൂപ ലഭിക്കാനുണ്ടെന്നും കൺസോർഷ്യം ബാങ്കുകളുമായി

ചർച്ച നടത്തി കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

64(*425) കെ.എസ്.ആർ.ടി.സി.-യിൽ പുതിയ ടിക്കറ്റ് മെഷീനുകൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.-യിൽ NCMC/Closed Loop Card എന്നിവ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ലഭ്യമാക്കാൻ സാധിക്കുമെന്നും സഭയെ അറിയിച്ചു. ബസുകളുടെ തത്സമയ ട്രാക്കിംഗ്, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകൾ, പാസുകൾ, UPI/കാർഡ്/നെറ്റ് ബാങ്കിംഗ്/വാലറ്റ് പേമെന്റുകൾ ചലോപേ തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിംഗ് സൊല്യൂഷനിൽ ലഭ്യമാകുന്നതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ, ബസുകളുടെ തത്സമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ ഉപയോഗിച്ചുവരുന്ന ETM മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾ നടത്തുന്നതിന് അനുയോജ്യമല്ലാത്തതിനാൽ

ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്തുന്നതിന് കമ്പനിയുമായി കരാറിൽ ഏർപ്പെടുന്ന നടപടി പുരോഗമിച്ചുവരികയാണ്. സഞ്ചാരികൾക്ക് പ്രീമിയം ട്രാവൽ സൗകര്യം അനുഭവവേദ്യമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളുള്ള 40 പ്രീമിയം ബസ്സുകളും ഗ്രാമപ്രദേശങ്ങളിലെ യാത്ര സുഗമമാക്കുന്നതിന് 300 മിനി ബസ്സുകളും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.